MONDAY 13-12-2021 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian**    **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 13/12/2021

1. കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000/- രൂപ നിരക്കിൽ കഴിഞ്ഞ വർഷം അനുവദിച്ച റോയൽറ്റി എല്ലാ വർഷവും തുടരുമെന്ന് കൃഷിമന്ത്രി പി. പ്രസാദ് പറഞ്ഞു. നെൽവയൽ സംരക്ഷിച്ച് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കുന്നതിനും വേണ്ടി കൃഷിയോഗ്യമായ നെൽവയലുകളുടെ ഉടമസ്ഥർക്ക് ഒരു ഹെക്ടറിന് 2000 രൂപ നിരക്കിൽ എല്ലാവർഷവും, വർഷത്തിൽ ഒരു തവണ കൃഷിയോഗ്യമായ നെൽപ്പാടങ്ങളുടെ ഉടമസ്ഥർക്ക് ഹെക്ടറൊന്നിന് 2000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നതിന് തീരുമാനമായതായി മന്ത്രി അറിയിച്ചു.

2. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ തിരുവനന്തപുരം പാറോട്ടുകോണത്ത് സ്ഥിതിചെയ്യുന്ന ജില്ലാമണ്ണ് പരിശോധനശാലയിൽ കൃഷി ഓഫീസറുടെ ശുപാർശ കത്തോടുകൂടി വരുന്ന കർഷകർക്ക് സൗജന്യമായി മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2533044** എന്ന ഫോൺ നമ്പരിലോ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ മണ്ണ് പരിശോധനശാല, പാറോട്ടുകോണം, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ, പൊടികൾ, വിവിധ തരം അച്ചാറുകൾ, ജാം, പഴംഹൽവ തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടുതൽ വിവരങ്ങൾക്ക് **0487 – 2370773, 8089173650** എന്നീ ഫോൺ നമ്പരുകളിലോ ccmannuthy@kau.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

4. റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **ഡിസംബർ 20** വരെ നീട്ടി. 2018, 2019 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ

റബ്ബർകർഷകരിൽനിന്നാണ് ധനസഹായത്തിന് റബ്ബർബോർഡ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്കു വിധേയമായി ഒരു ഹെക്ടറിനു വരെ ധനസഹായത്തിന് അർഹതയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ സർവ്വീസ് പ്ലസ് വെബ് പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിലോ റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ എന്നിവിടങ്ങളിലോ **0481 2576622** എന്ന റബ്ബർബോർഡ് കോൾസെന്റർ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് **ചീരയുടെ ജൈവകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496 2966041** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. മഞ്ഞാടി ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഈ മാസം 15-ന് (ഡിസംബർ 15) രാവിലെ 10 മണി മുതൽ **താറാവ് വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ **9188522711** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശം അയച്ചോ, പ്രവർത്തി ദിവസങ്ങളിൽ **0469–2965535** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 15, 16 (ഡിസംബർ 15,16) തീയതികളിൽ **കേക്ക്, വൈൻ നിർമ്മാണം**, 28, 29 തീയതികളിൽ **ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്, ടെറേറിയം നിർമ്മാണം** എന്നീ വിഷയങ്ങളിൽ ദ്വിദിന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന ഫീസ് 500 രൂപയാണ്. താൽപര്യമുള്ളവർ പേര്, മൊബൈൽ നമ്പർ, പരിശീലന വിഷയം എന്നിവ **8848420984** എന്ന നമ്പരിലേക്ക് വാട്ട്സാപ്പ് സന്ദേശമായോ, tssvellayni@kau.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് കത്ത് അയയ്ക്കുകയോ, നേരിട്ട് കാർഷിക കോളേജ്, വെള്ളായണിയിലെ സോഷ്യൽ സയൻസ്/കാർഷിക വിജ്ഞാന വ്യാപന വിഭാഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ഓഫീസിൽ എത്തി പേര് രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **8848420984, 9495118208** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **22-ന് പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഇൻ ക്യാമ്പസ്** പരിശീലനവും 21-ന് **കാടക്കോഴി വളർത്തലിൽ ഓൺലൈൻ** പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ, പേരും പരിശീലന വിഷയവും **9188522708** എന്ന നമ്പരിൽ വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **14,15 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 20,21 തീയതികളിൽ ഇറച്ചിക്കോഴി വളർത്തൽ, 22-ന് തീറ്റപ്പുൽകൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ **ട്രൈക്കോഗ്രമ്മ ചിലോണിസ് കാർഡും** തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ **ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും** ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വേണം. ഇത് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി **ക്ലോറാൻട്രാനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

11. മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. ഇതിന്റെ നിയന്ത്രണത്തിനായി വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക.

12. മഴക്കാലത്ത് നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിന് മുൻകരുതലായി ഞാറിന്റെ വേരുഭാഗം 0.02% വീര്യമുള്ള ക്ലോർപൈറിഫോസ് ലായനിയിൽ 12 മണിക്കൂർ നേരത്തേക്ക് മുക്കിവച്ചതിനുശേഷം നടുക.